"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

റവന്യൂ വകുപ്പ് - ആലപ്പുഴ, മലപ്പുറം, കാസറഗോഡ്, കണ്ണൂർ ജില്ലാ കളക്ടറേറ്റുകളിലെ 4 ലാൻഡ് അക്വിസിഷൻ വിഭാഗത്തിനായി അനുവദിച്ചിട്ടുള്ള 20 താല്ക്കാലിക തസ്തികകൾക്ക് 01.04.2021 മുതൽ 31.03.2024 വരെ തുടർച്ചാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**റവന്യൂ (റ്റി) വകുപ്പ്**

സ.ഉ.(കൈ) നം.196/2023/RD തീയതി,തിരുവനന്തപുരം, 17-08-2023

---

പരാമർശം:-

1. സ.ഉ(കൈ)നം.239/2020/റവ തീയതി 06.10.2020
2. സ.ഉ.(കൈ)നം.189/2021/റവ തീയതി 07/10/2021
3. സ.ഉ.(കൈ)നം.242/2021/റവ തീയതി 25/11/2021
4. ലാൻഡ് റവന്യൂ കമ്മീഷണറുടെ 24.09.2021, 17.04.2023 തീയതികളിലെ എൽ ആർ/295/2021-എൽ ആർഇ(8) നമ്പർ കത്തുകൾ.

**<u>ഉത്തരവ്</u>**

വിവിധ ഉദ്ദേശ്യങ്ങൾക്കായി ലാൻഡ് റവന്യൂ വകുപ്പിന്റെയും ലാൻഡ് ബോർഡ് ഓഫീസിന്റെയും നിയന്ത്രണത്തിൽ ആരംഭിച്ചിട്ടുള്ളതും തുടർച്ചാനുമതിയിൽ പ്രവർത്തിച്ചു വരുന്നതുമായ 1972 താല്ക്കാലിക തസ്തികകൾക്ക് പരാമർശം (1) പ്രകാരം 01.04.2020 മുതൽ 31.03.2021 വരെ തുടർച്ചാനുമതി നൽകിയിരുന്നു. തുടർന്ന് പ്രസ്തുത തസ്തികകളിൽപ്പെട്ട 702 താല്ക്കാലിക തസ്തികകൾക്ക് പരാമർശം (2) പ്രകാരം 01.04.2021 മുതൽ തുടർച്ചാനുമതി നൽകുകയും, 1244 തസ്തികകൾ പരാമർശം (3) പ്രകാരം 01.04.2021 മുതൽ സ്ഥിരം തസ്തികകളാക്കി മാറ്റുകയും ചെയ്തിരുന്നു. നിലവിലില്ലാത്ത 6 തസ്തികകൾ തുടർച്ചാനുമതി നൽകുന്നതിൽ നിന്നും ഒഴിവാക്കിയിരുന്നു. കൂടാതെ പ്രസ്തുത 1972 താല്ക്കാലിക തസ്തികകളിൽ ഉൾപ്പെട്ട ആലപ്പുഴ, മലപ്പുറം, കാസർഗോഡ്, കണ്ണൂർ ജില്ലാ കളക്ടറേറ്റുകളിലെ 4 ലാൻഡ് അക്വിസിഷൻ യൂണിറ്റുകളിലെ 20 തസ്തികകൾക്ക് അവയുടെ ആവശ്യകത വിലയിരുത്തി ആവശ്യമെങ്കിൽ തുടർച്ചാനുമതിക്കായി പ്രത്യേകം പ്രൊപ്പോസൽ സമർപ്പിക്കുവാൻ ലാൻഡ് റവന്യൂ കമ്മീഷണർക്ക് നിർദ്ദേശം നൽകിയിരുന്നു.

2. ആയതിന്റെ അടിസ്ഥാനത്തിൽ, പ്രസ്തുത ജില്ലകളിൽ സർക്കാരിന്റെ മുൻഗണനാ ലിസ്റ്റിൽ ഉൾപ്പെട്ട വിവിധ പദ്ധതികൾക്കായുള്ള സ്ഥലമെടുപ്പ് നടപടികൾ പുരോഗമിച്ചു വരുന്നുവെന്നും, വിവിധ പദ്ധതികൾക്കായി ഭൂമി ഏറ്റെടുക്കേണ്ട കേസുകളിൽ സാമൂഹിക ആഘാത പഠനം നടത്തുന്നതുമായും, പുനരധിവാസത്തിനായി ആർ. ആർ. പാക്കേജ് തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ടുള്ള നടപടികൾ സ്വീകരിക്കുന്നതും അവാർഡ് നടപടികളുമായും, ഏറ്റെടുപ്പുമായി ബന്ധപ്പെട്ട പരാതികളിന്മേലും കോടതി കേസുകളിന്മേലും നടപടികൾ കൈക്കൊള്ളുന്നതും, സ്ഥലമെടുപ്പ് പദ്ധതികളുടെ കൃത്യമായ മേൽനോട്ടവും ഏകോപനവും നിർവ്വഹിക്കുന്നതും, ലാൻഡ് അക്വിസിഷൻ ഓഫീസുകളുമായി ബന്ധപ്പെട്ട വിവിധ

വിജ്ഞാപനങ്ങൾ പുറപ്പെടുവിക്കുന്നതും, വസ്തുവിലയും വിശദ വിലവിവര പട്ടികയും അംഗീകരിച്ച് നല്കുന്നതും പ്രസ്തുത ജില്ലാ കളക്ടറേറ്റുകളിലെ ലാൻഡ് അക്വിസിഷൻ വിഭാഗമാണ് എന്നും പരാമർശം (4) പ്രകാരം ലാൻഡ് റവന്യൂ കമ്മീഷണർ റിപ്പോർട്ട് ചെയ്തിരുന്നു. പ്രസ്തുത തസ്തികകൾ നിലനിർത്തേണ്ടത് അനിവാര്യമാണെന്നതിനാൽ ആലപ്പുഴ, മലപ്പുറം, കാസറഗോഡ്, കണ്ണൂർ ജില്ലാ കളക്ടറേറ്റുകളിൽ ലാൻഡ് അക്വിസിഷൻ വിഭാഗത്തിനായി അനുവദിച്ചിട്ടുള്ളതും പരാമർശം (1) പ്രകാരം 01.04.2020 മുതൽ 31.03.2021 വരെ തുടർച്ചാനുമതി നൽകിയിട്ടുള്ളതുമായ 20 തസ്തികകൾക്ക് (നാല് ക്ലാർക്ക്, ഒരു കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് തസ്തിക വീതം) 01/04/2021 മുതൽ 31/03/2024 വരെ തുർച്ചാനുമതി ദീർഘിപ്പിച്ച് നൽകണമെന്ന് പരാമർശം (4) പ്രകാരം ലാൻഡ് റവന്യൂ കമ്മീഷണർ അഭ്യർത്ഥിക്കുകയുമുണ്ടായി.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ആലപ്പുഴ, മലപ്പുറം, കാസറഗോഡ്, കണ്ണൂർ ജില്ലാ കളക്ടറേറ്റുകളിലെ 4 ലാൻഡ് അക്വിസിഷൻ വിഭാഗത്തിനായി അനുവദിച്ചിട്ടുള്ളതും പരാമർശം (1) പ്രകാരം 31.03.2021 വരെ തുടർച്ചാനുമതി നൽകിയിട്ടുള്ളതുമായ ചുവടെ പറയുന്ന 20 താല്ക്കാലിക തസ്തികകൾക്ക് 01.04.2021 മുതൽ 31.03.2024 വരെ തുടർച്ചാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

| ലാൻഡ് അക്വിസിഷൻ യൂണിറ്റ് | തസ്തിക | | ആകെ |
|---|---|---|---|
| | ക്ലാർക്ക് | സി.എ. | |
| ആലപ്പുഴ | 4 | 1 | 5 |
| മലപ്പുറം | 4 | 1 | 5 |
| കാസറഗോഡ് | 4 | 1 | 5 |
| കണ്ണൂർ | 4 | 1 | 5 |
| ആകെ | 16 | 4 | 20 |

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ടിങ്കു ബിസ്വാൾ
പ്രിൻസിപ്പൽ സെക്രട്ടറി

ലാൻഡ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം
ഡയറക്ടർ, ട്രഷറി ഡയറക്ടറേറ്റ്, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ & ഇ/ആഡിറ്റ്) കേരള, തിരുവനന്തപുരം
ജില്ലാ കളക്ടർ, ആലപ്പുഴ,
ജില്ലാ കളക്ടർ, മലപ്പുറം,
ജില്ലാ കളക്ടർ, കാസറഗോഡ്,
ജില്ലാ കളക്ടർ, കണ്ണൂർ
ബന്ധപ്പെട്ട ജില്ലാ ട്രഷറി ഓഫീസർമാർ ( ലാൻഡ് റവന്യൂ കമ്മീഷണർ മുഖേന)
ധനകാര്യ വകുപ്പ് (31.05.2023 ലെ E-2436198/EXP-A1/128/2015-FIN-Part (1) നമ്പർ റിമാർക്സ് പ്രകാരം)
പൊതുഭരണ (എസ്.സി.) വകുപ്പ്
ഡയറക്ടർ, വിവര പൊതുജന സമ്പർക്ക വകുപ്പ് (മാധ്യമങ്ങൾക്ക് നൽകുന്നതിന്)

വെബ് & ന്യൂ മീഡിയ (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Sindhu Beegum M S
Date: 18-08-2023 14:06:39

സെക്ഷൻ ഓഫീസർ

പകർപ്പ് : ബഹു. മുഖ്യമന്ത്രിയുടെ പി.എസ്. ന്

ബഹു. റവന്യൂ വകുപ്പ് മന്ത്രിയുടെ പി.എസ്.ന്

രഹസ്യം

## കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 16-08-2023

ഫയൽ നം. REV-T2/193/2020/REV-Part(1).

ഇനം നം: 1726

വിഷയം : റവന്യൂ വകുപ്പ് - ആലപ്പുഴ, മലപ്പുറം, കാസർഗോഡ്, കണ്ണൂർ ജില്ലാ കളക്ട്രേറ്റുകളിലെ 4 ലാൻഡ് അക്വിസിഷൻ യൂണിറ്റുകളിലെ 20 താൽക്കാലിക തസ്തികകൾക്ക് 01.04.2021 മുതൽ 31.03.2024 വരെ തുടർച്ചാനുമതി നൽകുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ഡോ. വേണു. വി.
ചീഫ് സെക്രട്ടറി

പ്രിൻസിപ്പൽ സെക്രട്ടറി, റവന്യൂ വകുപ്പ്.

1/7/8

1726

**കേരള സർക്കാർ**

**(ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)**

**മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്**

| | | |
|---|---|---|
| 1 | ഫയൽ നമ്പർ | REV-T2/193/2020-REV- Part(1) |
| 2 | വകുപ്പ് | റവന്യൂ (റ്റി) വകുപ്പ് |
| 3 | വിഷയം | ആലപ്പുഴ, മലപ്പുറം, കാസർഗോഡ്, കണ്ണൂർ ജില്ലാ കളക്ടറേറ്റുകളിലെ 4 ലാൻഡ് അക്വിസിഷൻ യൂണിറ്റുകളിലെ 20 താല്ക്കാലിക തസ്തികകൾക്ക് 01.04.2021 മുതൽ 31.03.2024 വരെ തുടർച്ചാനുമതി നൽകുന്നത് - സംബന്ധിച്ച് |
| 4 | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | 26.07.2023 |
| 5 | (i) ഇത് സാമ്പത്തികബാദ്ധ്യതയുള്ളതാണോ ? | അതെ |
| | (ii) സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ ധനകാര്യവകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾകൊള്ളിച്ചിട്ടുണ്ടോ ? | ഉണ്ട് |
| 6 | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | ഇല്ല |
| 7. | കുറിപ്പ് സമർപ്പിച്ച ഡെപ്യൂട്ടി സെക്രട്ടറിയുടെ പേര് | ശ്രീ. റോയിച്ചൻ തോമസ് |
| 8. | കുറിപ്പ് അംഗീകരിച്ച പ്രിൻസിപ്പൽ സെക്രട്ടറിയുടെ പേര് | ശ്രീമതി ടിങ്കു ബിസ്വാൾ |
| 9. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അംഗീകരിച്ച തീയതി | 07.08.2023 |
| 10. | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | ഡോ. വേണു വി. |
| 11. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 08.08.2023 |
| 12. | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | ശ്രീ. കെ. രാജൻ |
| 13 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | 09.08.2023 |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | 11.08.2023 |
| 15. | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/ കത്തിന്റെ നമ്പറും തീയതിയും | |

## മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

ആലപ്പുഴ, മലപ്പുറം, കാസർഗോഡ്, കണ്ണൂർ ജില്ലാ കളക്ടറേറ്റുകളിലെ 4 ലാൻഡ് അക്വിസിഷൻ യൂണിറ്റുകളിലെ 20 താല്ക്കാലിക തസ്തികകൾക്ക് 01.04.2021 മുതൽ 31.03.2024 വരെ തുടർച്ചാനുമതി നൽകുന്നത് സംബന്ധിച്ചുള്ളതാണ് ഈ കുറിപ്പ്.

2) വിവിധ ഉദ്ദേശ്യങ്ങൾക്കായി ലാൻഡ് റവന്യൂ വകുപ്പിന്റെയും ലാൻഡ് ബോർഡ് ഓഫീസിന്റെയും നിയന്ത്രണത്തിൽ ആരംഭിച്ചിട്ടുള്ളതും തുടർച്ചാനുമതിയിൽ പ്രവർത്തിച്ചു വരുന്നതുമായ 1972 താല്ക്കാലിക തസ്തികകൾക്ക് 06.10.2020 ലെ സ.ഉ(കൈ)നം.239/2020/റവ പ്രകാരം 01.04.2020 മുതൽ 31.03.2021 വരെ തുടർച്ചാനുമതി നൽകിയിരുന്നു. തുടർന്ന് പ്രസ്തുത തസ്തികകളിൽപ്പെട്ട 702 താല്ക്കാലിക തസ്തികകൾക്ക് 07/10/2021 ലെ സ.ഉ.(കൈ)നം.189/2021/റവ പ്രകാരം 01.04.2021 മുതൽ തുടർച്ചാനുമതി നൽകുകയും, 1244 തസ്തികകൾ 25/11/2021 ലെ സ.ഉ.(കൈ)നം.242/2021/റവ പ്രകാരം 01.04.2021 മുതൽ സ്ഥിരം തസ്തികകളാക്കി മാറ്റുകയും ചെയ്തിരുന്നു. നിലവിലില്ലാത്ത 6 തസ്തികകൾ തുടർച്ചാനുമതി നൽകുന്നതിൽ നിന്നും ഒഴിവാക്കിയിരുന്നു. കൂടാതെ പ്രസ്തുത 1972 താല്ക്കാലിക തസ്തികകളിൽ ഉൾപ്പെട്ട ആലപ്പുഴ, മലപ്പുറം, കാസർഗോഡ്, കണ്ണൂർ ജില്ലാ കളക്ടറേറ്റുകളിലെ 4 ലാൻഡ് അക്വിസിഷൻ യൂണിറ്റുകളിലെ 20 തസ്തികകൾക്ക് അവയുടെ ആവശ്യകത വിലയിരുത്തി ആവശ്യമെങ്കിൽ തുടർച്ചാനുമതിക്കായി പ്രത്യേകം പ്രൊപ്പോസൽ സമർപ്പിക്കുവാൻ 22.09.2021 ലെ REV-T2/193/2020-REV നമ്പർ കത്ത് പ്രകാരം ലാൻഡ് റവന്യൂ കമ്മീഷണർക്ക് നിർദ്ദേശം നൽകുകയുണ്ടായി.

3) ആയതിന്റെ അടിസ്ഥാനത്തിൽ ലാൻഡ് റവന്യൂ കമ്മീഷണർ സമർപ്പിച്ച പ്രൊപ്പോസലിൽ പ്രസ്തുത ജില്ലകളിൽ സർക്കാരിന്റെ മുൻഗണനാ ലിസ്റ്റിൽ ഉൾപ്പെട്ട വിവിധ പദ്ധതികൾക്കായുള്ള സ്ഥലമെടുപ്പ് നടപടികൾ പുരോഗമിച്ചു വരുന്നുവെന്നും വിവിധ പദ്ധതികൾക്കായി ഭൂമി ഏറ്റെടുക്കേണ്ട കേസുകളിൽ സാമൂഹിക ആഘാത പഠനം നടത്തുന്നതുമായും, പുനരധിവാസത്തിനായി ആർ. ആർ. പാക്കേജ് തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ടുള്ള നടപടികൾ സ്വീകരിക്കുന്നതും, അവാർഡ് നടപടികളുമായും, ഏറ്റെടുപ്പുമായി ബന്ധപ്പെട്ട പരാതികളിന്മേലും കോടതി കേസുകളിന്മേലും

നടപടികൾ കൈക്കൊള്ളുന്നതും, സ്ഥലമെടുപ്പ് പദ്ധതികളുടെ കൃത്യമായ മേൽനോട്ടവും ഏകോപനവും നിർവ്വഹിക്കുന്നതും, ലാൻഡ് അക്വിസിഷൻ ഓഫീസുകളുമായി ബന്ധപ്പെട്ട വിവിധ വിജ്ഞാപനങ്ങൾ പുറപ്പെടുവിക്കുന്നതും, വസ്തുവിലയും വിശദ വിലവിവര പട്ടികയും അംഗീകരിച്ച് നല്കുന്നതും പ്രസ്തുത ജില്ലാ കളക്ടറേറ്റുകളിലെ ലാൻഡ് അക്വിസിഷൻ വിഭാഗമാണ് എന്നും റിപ്പോർട്ട് ചെയ്തിരുന്നു. മേൽ സാഹചര്യത്തിൽ പ്രസ്തുത തസ്തികകൾ നിലനിർത്തേണ്ടത് അനിവാര്യമാണെന്ന് അഭിപ്രായപ്പെടുകയും ആയതിനാൽ ആലപ്പുഴ, മലപ്പുറം, കാസറഗോഡ്, കണ്ണൂർ ജില്ലാ കളക്ടറേറ്റുകളിൽ ലാൻഡ് അക്വിസിഷൻ വിഭാഗത്തിനായി അനുവദിച്ചിട്ടുള്ളതും 06.10.2020 ലെ സ.ഉ(കൈ)നം.239/2020/റവ പ്രകാരം 01.04.2020 മുതൽ 31.03.2021 വരെ തുടർച്ചാനുമതി നൽകിയിട്ടുള്ളതുമായ 20 തസ്തികകൾക്ക് (നാല് ക്ലാർക്ക്, ഒരു കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് തസ്തിക വീതം) 01/04/2021 മുതൽ 31/03/2024 വരെ തുർച്ചാനുമതി ദീർഘിപ്പിച്ച് നൽകണമെന്ന് ലാൻഡ് റവന്യൂ കമ്മീഷണർ അഭ്യർത്ഥിക്കുകയുമുണ്ടായി.

4) ഇക്കാര്യത്തിൽ ധനകാര്യ വകുപ്പ് ചുവടെ പറയും പ്രകാരം അഭിപ്രായപ്പെട്ടു.

> " ആലപ്പുഴ, മലപ്പുറം, കാസർഗോഡ്, കണ്ണൂർ എന്നീ 4 ജില്ലാ കളക്ടറേറ്റുകളിൽ ലാൻഡ് അക്വിസിഷൻ വിഭാഗത്തിനായി അനുവദിച്ചിട്ടുള്ളതും 06.10.2020 ലെ സ.ഉ.(കൈ)നം.239/2020/റവ പ്രകാരം 31.03.2021 വരെ തുടർച്ചാനുമതി നൽകിയിട്ടുള്ളതുമായ ചുവടെ പട്ടികപ്പെടുത്തുന്ന 20 തസ്തികകൾക്ക് 30/06/2023 വരെ മാത്രം തുടർച്ചാനുമതി അനുവദിക്കുന്നു. 30/06/2023 തീയതി പ്രാബല്യത്തിൽ ഈ തസ്തികകളുടെ പ്രവർത്തനം നിർത്തലാക്കേണ്ടതാണെന്നും, ഈ തസ്തികകളിലെ ജീവനക്കാർ കൈകാര്യം ചെയ്തിരുന്ന ഫയലുകൾ അതാത് ജില്ലാ കളക്ടറേറ്റുകളിലെ ലാൻഡ് അക്വിസിഷൻ സെക്ഷനിലേക്ക് മാറ്റുന്നതിനുള്ള നടപടികൾ യഥാസമയം സ്വീകരിക്കേണ്ടതാണെന്നും ഭരണ വകുപ്പിനെ അറിയിക്കുന്നു.

| ലാൻഡ് അക്വിസിഷൻ യൂണിറ്റ് | തസ്തിക | | ആകെ |
|---|---|---|---|
| | ക്ലാർക്ക് | സി.എ. | |
| ആലപ്പുഴ | 4 | 1 | 5 |
| മലപ്പുറം | 4 | 1 | 5 |
| കാസറഗോഡ് | 4 | 1 | 5 |
| കണ്ണൂർ | 4 | 1 | 5 |
| | 16 | 4 | 20 |

ഇതിന് ബഹു. ധനമന്ത്രിയുടെ അംഗീകാരമുണ്ട്. "

5) കണ്ണൂർ സിറ്റി ഇംപ്രൂവ്മെന്റ് പദ്ധതി, മാഹി മുതൽ വളപട്ടണം വരെയുള്ള ജലപാത നിർമ്മാണം, ഗ്രീൻ ഫീൽഡ് ഹൈവേ, കാലിക്കറ്റ് എയർപോർട്ട് വികസനം, റെസ സ്ഥലമെട്ടുപ്പ്, ദേശീയ പാത വികസനം, അമ്പലപ്പുഴ-എറണാകുളം റെയിൽവേപാത ഇരട്ടിപ്പിക്കൽ, വലിയഴീക്കൽ മുതൽ തോട്ടപ്പള്ളി വരെയും SH BYPASS CROSSING മുതൽ സൗത്ത് ചെല്ലാനം വരെയുള്ള തീരദേശ ഹൈവേ തുടങ്ങിയ വിവിധ പദ്ധതികൾക്കായുള്ള സ്ഥലമെട്ടുപ്പ് നടപടികൾ വിവിധ ഘട്ടത്തിലാണ്. ഈ ഘട്ടത്തിൽ 20 തസ്തികകൾ നിർത്തലാക്കുന്നത് വകുപ്പിന്റെ പ്രവർത്തനത്തെ പ്രതികൂലമായി ബാധിക്കും. ആയതിനാൽ ധനവകുപ്പിന്റെ അഭിപ്രായം മറികടന്ന് പ്രസ്തുത 20 തസ്തികകൾക്കും തുടർച്ചാനുമതി നല്കുന്നതിന്മേൽ ഉത്തരവിനായി സമർപ്പിക്കുകയുണ്ടായി.

6) ഇതിനിടെ ലാൻഡ് അക്വിസിഷൻ പ്രവർത്തനങ്ങൾക്കായി ആലപ്പുഴ, മലപ്പുറം, കാസർഗോഡ്, കണ്ണൂർ എന്നീ 4 ജില്ലാ കളക്ടറേറ്റുകളിൽ സൃഷ്ടിച്ചതും 06.10.2020 ലെ സ.ഉ(കൈ)നം.239/2020/റവ പ്രകാരം 31.03.2021 വരെ തുടർച്ചാനുമതി നൽകിയിട്ടുള്ളതുമായ 20 തസ്തികകൾക്ക് (നാല് ക്ലാർക്ക്, ഒരു കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് തസ്തിക വീതം) 01/04/2021 മുതൽ 3 വർഷത്തേയ്ക്ക് കൂടി തുടർച്ചാനുമതി നൽകുന്നതിനോട് ധനവകുപ്പ് യോജിക്കുന്നു എന്ന് 24.06.2023 ലെ 2436198/വ്യയം-എ 1/128/2015-ധന-പാർട്ട്(1) അനൗദ്യോഗിക കുറിപ്പ് പ്രകാരം ധനകാര്യ വകുപ്പ് അറിയിച്ചിരുന്നു.

7) ഈ വിഷയം മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ ബഹു. മുഖ്യമന്ത്രി ഉത്തരവായി.

## തീരുമാനമെടുക്കേണ്ട വിഷയം

ആലപ്പുഴ, മലപ്പുറം, കാസർഗോഡ്, കണ്ണൂർ ജില്ലാ കളക്ടറേറ്റുകളിലെ 4 ലാൻഡ് അക്വിസിഷൻ വിഭാഗത്തിനായി അനുവദിച്ചിട്ടുള്ളതും 31.03.2021 വരെ തുടർച്ചാനുമതി നൽകിയിട്ടുള്ളതുമായ ചുവടെ പറയുന്ന 20 താല്ക്കാലിക തസ്തികകൾക്ക് 01.04.2021 മുതൽ 31.03.2024 വരെ തുടർച്ചാനുമതി നൽകാമോ?

| ലാൻഡ് അക്വിസിഷൻ യൂണിറ്റ് | തസ്തിക | | ആകെ |
|---|---|---|---|
| | ക്ലാർക്ക് | സി.എ. | |
| ആലപ്പുഴ | 4 | 1 | 5 |
| മലപ്പുറം | 4 | 1 | 5 |
| കാസറഗോഡ് | 4 | 1 | 5 |
| കണ്ണൂർ | 4 | 1 | 5 |
| ആകെ | 16 | 4 | 20 |

**GOVERNMENT OF KERALA**
**(SRI. PINARAYI VIJAYAN MINISTRY)**
**NOTE FOR COUNCIL OF MINISTERS**

| | | |
|---|---|---|
| 1. | File Number | REV-T2/193/2020-REV- Part (1) |
| 2. | Department | Revenue (T) Department |
| 3. | Subject | Continuance sanction for the 20 temporary posts in 4 Land Acquisition Units in District Collectorates at Alappuzha, Malappuram, Kasaragod and Kannur with effect from 01.04.2021 to 31.03.2024 - reg. |
| 4. | Date of Chief Minister order for placing before the Council | 26.07.2023 |
| 5. | (i)Does the case involve financial commitments/implications | Yes |
| | (ii)If the answer to the above is in the affirmative, whether Finance Department has been consulted and their remarks incorporated in the Council Note | Yes |
| 6 | Are any other Departments concerned with the case and if so, have they been consulted and their remarks incorporated in the Note for the Council | No |
| 7. | Name of Deputy Secretary who submitted the Draft Note | Sri. Roychen Thomas |
| 8. | Name of Principal Secretary who approved the Draft Note | Smt. Tinku Biswal |
| 9. | Date of Approval of the Draft Note for the Council by the Principal Secretary | 07.08.2023 |
| 10. | Name of Chief Secretary who approved the Draft Note | Dr. Venu V. |
| 11. | Date of approval of the Draft Note for the Council by the Chief Secretary | 08.08.2023 |
| 12. | Name of Minister who approved the Draft Note | Sri. K. Rajan |
| 13. | Date of approval of the Draft Note for the Council by the Minister | 09.08.2023 |
| 14. | Date of submission of fair copies | 11.08.2023 |
| 15. | Date of decision by the Council of Ministers | |
| 16. | Number and Date of the G.O./ letter communicating the decision. | |

## NOTE FOR THE COUNCIL OF MINISTERS

This note deals with according continuance sanction for 20 temporary posts in 4 Land Acquisition Units in District Collectorates at Alappuzha, Malappuram, Kasaragod and Kannur with effect from 01.04.2021 to 31.03.2024.

2) As per G.O.(Ms)No.239/2020/RD dated 06.10.2020, sanction was accorded for the continuance of 1972 temporary posts created and functioning under the control of the Land Revenue Department and the Land Board Office for various purposes. These posts have been functioning on continuance sanction from 01.04.2020 to 31.03.2021. Subsequently, sanction was accorded for the continuance of 702 temporary posts, among the 1972 posts, with effect from 01.04.2021 vide G.O.(Ms)No.189/2021/RD dated 07/10/2021, 1244 posts were converted into permanent posts with effect from 01.04.2021 vide G.O.(Ms)No.242/2021 dated 25/11/2021. 6 non-existing posts were excluded from extending continuance sanction. Moreover, vide letter No.REV-T2/193/2020-REV dated 22.09.2021, the Commissioner of Land Revenue was asked to submit a separate proposal, if required, for continuance sanction for 20 posts in 4 Land Acquisition Units of Alappuzha, Malappuram, Kasaragod and Kannur District Collectorates, which were included in the said 1972 temporary posts, after assessing its requirement.

3) Accordingly, the Land Revenue Commissioner has submitted a proposal, in which he has reported that the land acquisition process for

various projects, which were included in the Government's priority list is progressing in the said districts and the Land Acquisition Divisions of the said District Collectorates are responsible for taking steps to conduct Social Impact Study, preparing RR packages for rehabilitation in the cases where land needs to be acquired for various projects, for taking action on award processes and resolving complaints and court cases in connection with Land acquisition matters and also responsible for supervising and coordinating land acquisition projects, issuing various notifications related to Land Acquisition Offices, approving the value of the property and the detailed price list. In the circumstances, the Land Revenue Commissioner remarked that it is highly essential to retain the said posts and hence he has requested to extend the continuance sanction of the 20 temporary posts, which were sanctioned in the 4 Land Acquisition Units in District Collectorates at Alappuzha, Malappuram, Kasaragod and Kannur (four posts of clerk and one post of CA each) and have been given continuance sanction from 01.04.2020 to 31.03.2021 as per G.O.(Ms)No.239/2020/RD dated 06.10.2020, from 01/04/2021 to 31/03/2024.

4) In this regard, the Finance Department has opined as follows:

" ആലപ്പുഴ, മലപ്പുറം, കാസർഗോഡ്, കണ്ണൂർ എന്നീ 4 ജില്ലാ കളക്ടേറ്റുകളിൽ ലാൻഡ് അക്വിസിഷൻ വിഭാഗത്തിനായി അനുവദിച്ചിട്ടുള്ളതും 06.10.2020 ലെ സ.ഉ.(കൈ)നം.239/2020./റവ പ്രകാരം 31.03.2021 വരെ തുടർച്ചാനുമതി നൽകിയിട്ടുള്ളതുമായ ചുവടെ പട്ടികപ്പെടുത്തുന്ന 20 തസ്തികകൾക്ക് 30.06.2023 വരെ മാത്രം തുടർച്ചാനുമതി അനുവദിക്കുന്നു. 30/06/2023 തീയതി പ്രാബല്യത്തിൽ ഈ തസ്തികകളുടെ പ്രവർത്തനം നിർത്തലാക്കേണ്ടതാണെന്നും, ഈ തസ്തികകളിലെ ജീവനക്കാർ കൈകാര്യം ചെയ്തിരുന്ന ഫയലുകൾ അതാത് ജില്ലാ കളക്ടറേറ്റുകളിലെ ലാൻഡ് അക്വിസിഷൻ

സെക്ഷനിലേക്ക് മാറ്റുന്നതിനുള്ള നടപടികൾ യഥാസമയം സ്വീകരിക്കേണ്ടതാണെന്നും ഭരണ വകുപ്പിനെ അറിയിക്കുന്നു .

| ലാൻഡ് അക്വിസിഷൻ യൂണിറ്റ് | തസ്തിക | | ആകെ |
|---|---|---|---|
| | ക്ലാർക്ക് | സി.എ. | |
| ആലപ്പുഴ | 4 | 1 | 5 |
| മലപ്പുറം | 4 | 1 | 5 |
| കാസറഗോഡ് | 4 | 1 | 5 |
| കണ്ണൂർ | 4 | 1 | 5 |
| | 16 | 4 | 20 |

ഇതിന് ബഹു. ധനമന്ത്രിയുടെ അംഗീകാരമുണ്ട്. "

5) The land acquisition processes for various projects such as Kannur City Improvement Project, Waterway Construction from Mahe to Valapatnam, Green Field Highway, Calicut Airport Development, Reza Land Acquisition, National Highway Development, Ambalapuzha Ernakulam Railway Doubling, Valiyazhikal to Thottappalli and Coastal Highway from SH BYPASS CROSSING to South Chellanam are at various stages. The abolition of 20 posts at this stage will adversely affect. Hence the file was submitted for orders for continuance sanction of the said 20 temporary posts by overruling the remarks of the Finance Department.

6) In the meantime, the Finance Department, vide UO Note No.2436198/Expenditure-A1/128/2015-FIN-Part(1) dated 24.06.2023 has informed that the Finance Department agreed to grant extension for a further period of 3 years from 01/04/2021 to the 20 posts (four posts of Clerk, one post of Confidential Assistant each)) which have been created in 4 District Collectorates at Alappuzha, Malappuram, Kasaragod and Kannur

for land acquisition activities and have been granted continuance sanction till 31.03.2021 vide G.O.(Ms)No.239/2020/RD dated 06.10.2020.

7) The Hon'ble Chief Minister has ordered to place the matter before the Council of Ministers.

## Point for Decision

Whether sanction may be accorded for the continuance of the following 20 temporary posts, which were created in 4 Land Acquisition Units in the District Collectorate at Alappuzha, Malappuram, Kasaragod and Kannur and have been granted continuance sanction till 31.03.2021, from 01.04.2021 to 31.03.2024 ?

| Land Acquisition Unit | Post | | Total |
|---|---|---|---|
| | Clerk | C.A. | |
| Alappuzha | 4 | 1 | 5 |
| Malappuram | 4 | 1 | 5 |
| Kasaragod | 4 | 1 | 5 |
| Kannur | 4 | 1 | 5 |
| Total | 16 | 4 | 20 |